REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ധനമേഖലയിലെ പ്രതിസന്ധിയും വെല്ലുവിളിയും നേരിടാൻ ഒറ്റക്കെട്ടാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ ആഹ്വാനം ചെയ്തു.**
- **NDA തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകഴിഞ്ഞ് പാലക്കാട്ടും തൃശൂരുമെത്തും.**
- **എല്ലാകാലത്തും വർഗീയതയുമായി വിട്ടുവീഴ്ച ഇല്ലാത്ത സമീപനം സ്വീകരിച്ചത് LDF ആണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **വിശുദ്ധ വാരാചരണത്തിന് തുടക്കമിട്ട് ലോകമെങ്ങും ക്രൈസ്തവർ ഓശാന ഞായർ ആചരിച്ചു.**
- **IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ്റൈഡേഴ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

കൊറോണാ പ്രതിസന്ധിക്ക് ശേഷം ലോകം പുരോഗതിയുടെ പാതയിലേക്ക് നീങ്ങുമെന്ന പ്രതീക്ഷയെ അസ്ഥാനത്താക്കി ലോകത്ത് പലയിടത്തും യുദ്ധത്തിന്റെയും സംഘർഷത്തിന്റെയും സാഹചര്യങ്ങൾ ഉയർന്നുവന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യയുടെ ഊർജ്ജ ആവശ്യങ്ങളുടെ പ്രധാന കേന്ദ്രമാണ് ഇപ്പോഴത്തെ യുദ്ധമേഖലയെന്ന് പ്രധാനമന്ത്രി ആകാശവാണി മൻ കി ബാതിൽ പറഞ്ഞു. രാജ്യത്തിന്റെ ആഗോള ബന്ധങ്ങളും അതുവഴി ലഭിക്കുന്ന പിന്തുണയും സഹകരണവും രാജ്യം കെട്ടിപ്പടുത്ത കരുത്തുമാണ് ഇപ്പോഴത്തെ സാഹചര്യം നേരിടാൻ ഇന്ത്യയെ പര്യാപ്തമാക്കുന്നത്. ഒരു

കോടിയിലധികം ഇന്ത്യക്കാർ ജോലി ചെയ്യുന്ന ഗൾഫ് മേഖലയിൽ അവർക്ക് സഹായം നൽകുന്ന രാജ്യങ്ങളോട് പ്രധാനമന്ത്രി നന്ദി അറിയിച്ചു.

(VOICE INSERT)

ഇന്ധനമേഖലയിലെ പ്രതിസന്ധിയും വെല്ലുവിളിയും നേരിടാൻ ഒറ്റക്കെട്ടാകണമെന്ന് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. പ്രശ്നം രാഷ്ട്രീയ വത്കരിക്കാതെയും സ്വാർത്ഥതയില്ലാതെയും കൈകാര്യം ചെയ്യണം. കിംവദന്തികൾ പ്രചരിപ്പിക്കുകയോ വിശ്വസിക്കുകയോ ചെയ്യരുത്. ഗവൺമെന്റ് നിരന്തരമായി നൽകുന്ന വിവരങ്ങൾ വിശ്വസിച്ച് അതിന് അനുസൃതമായി പെരുമാറണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

രാജ്യത്തെ കൈയ്യെഴുത്ത് പ്രതികളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്ന ഗ്യാൻ ഭാരത് സർവെയിൽ പങ്കാളികളാകാൻ പ്രധാനമന്ത്രി ജനങ്ങളോട് ആവശ്യപ്പെട്ടു. ഗ്യാൻ ഭാരതം ആപ്പിൽ ഇത്തരം കൃതികളുടെ വിവരങ്ങളും ചിത്രങ്ങളും പങ്കുവെക്കാൻ അദ്ദേഹം എല്ലാവരെയും ക്ഷണിച്ചു. ആയിരക്കണക്കിന് കൈയ്യെഴുത്ത് പ്രതികൾ ഇതിനകം ആപ്പിൽ ഷെയർ ചെയ്ത് ലഭിച്ചിട്ടുണ്ട്. പനയോലകളിലും ചെമ്പ് തകിടിലും ഉൾപ്പെടെ രേഖപ്പെടുത്തിയ ലിഖിതങ്ങൾ ഇവയിൽ ഉൾപ്പെടുന്നു. ജൂൺ പകുതി വരെ സർവെ തുടരും.

(NEWS INSERT)

മേരാ യുവഭാരത് അഥവാ മൈ ഭാരത് സംഘടൻ രാഷ്ട്രനിർമ്മാണത്തിന്റെ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ യുവശക്തിയെ പ്രയോജനപ്പെടുത്താൻ പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. യുവഭാരത് ബജത്ത് ക്വസ്റ്റ് ഉപന്യാസ മത്സരം എന്നിവയിൽ വൻ യുവപങ്കാളിത്തമുണ്ടായി. രാജ്യ വികസനത്തിന് സംഭാവന നൽകാൻ യുവജനങ്ങൾ എത്രത്തോളം ആഗ്രഹിക്കുന്നുവെന്ന് ഉപന്യാസങ്ങളിൽ നിന്ന് വ്യക്തമാകുന്നതായി അദ്ദേഹം പറഞ്ഞു.

(NEWS INSERT)

ട്വന്റി 20 ലോകകപ്പിൽ ഭാരതം ചരിത്രവിജയം നേടിയപ്പോൾ രാജ്യം അഭിമാന പുളകിതമായി. കർണാടകയിലെ ഹൂബ്ലിയിൽ ജമ്മു കശ്മീർ ടീം രഞ്ജി ട്രോഫി കിരീടം സ്വന്തമാക്കി. കളിക്കാരയെും പരിശീലകരെയും ജമ്മുകശ്മിർ ജനതയെയും ഈ വിജയം ആവേശഭരിതമാക്കിയതായി പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. അതിനുശേഷം അവിടുത്തെ യുവജനങ്ങൾ സ്പോർട്സിനോട് കൂടുതൽ ആഭിമുഖ്യം പ്രകടിപ്പിക്കുന്നുണ്ട്. പ്രധാന കായിക മത്സരങ്ങളുടെ ഹബ്ബായി അവിടം മാറുന്നതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. ഖേലോ ഇന്ത്യ വിന്റർ ഗെയിംസിന് ഗുൽമാർഗ് വേദിയായതും അദ്ദേഹം എടുത്തുകാണിച്ചു.

അന്താരാഷ്ട്ര യോഗാ ദിനത്തിലേക്ക് നൂറിൽ താഴെ ദിവസങ്ങൾ ശേഷിക്കുമ്പോൾ ലോകമെങ്ങും യോഗയോട് താൽപര്യം ക്രമാനുഗതമായി വർദ്ധിക്കുകയാണ്. എണ്ണയുടെയും പഞ്ചസാരയുടെയും ഉപയോഗം കുറച്ച് അമിത വണ്ണത്തിൽ നിന്നും ജീവിത ശൈലി രോഗങ്ങളിൽ നിന്നും അകന്നുനിൽക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

തുടർച്ചയായി പരിശീലിക്കുമ്പോൾ കൂടുതൽ ബുദ്ധിശക്തി ലഭിക്കുമെന്ന സിദ്ധാന്തത്തിന് തെളിവായി ബംഗലൂരുവിലെ പ്രയോഗ് ഇൻസ്റ്റിട്യൂട്ട് ഓഫ് എജ്യുക്കേഷൻ റിസർച്ചിന്റെ ഗവേഷണ പ്രോജക്ടുകൾ സ്കൂൾ തലത്തിലെ ശാസ്ത്രവിദ്യാസം ജനപ്രിയമാക്കുന്നതിന് ഉപകാരപ്പെടുന്നതായി പ്രധാനമന്ത്രി വിലയിരുത്തി. പരീക്ഷാ പേ ചർച്ചയ്ക്കിടയിൽ ചില വിദ്യാർത്ഥികൾ സയൻസ് പഠിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും എന്നാൽ അതിനെ ഭയപ്പെടുന്നതായി അറിയിക്കുകയും ചെയ്തു. ഈ രംഗത്ത് പ്രയോഗിന്റെ ശ്രമങ്ങൾ പ്രശംസനീയമാണ്.

നാഗാ സമൂഹത്തിന്റെ പരമ്പരാഗത മൊറുങ് പഠന സമ്പ്രദായം സാംസ്കാരിക പൈതൃകം നിലനിർത്തി വിദ്യാഭ്യാസത്തെ മുന്നോട്ട് കൊണ്ടുപോകുന്നു. ഓരോ പ്രദേശത്തെയും അത്തരം ശ്രമങ്ങളെക്കുറിച്ച് പങ്കുവെക്കാൻ പ്രധാനമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു.

രാജ്യത്ത് പലയിടത്തും വേനൽ ആരംഭിച്ചതോടെ ജലസംരക്ഷണത്തിലെ പ്രതിബദ്ധത പുതുക്കേണ്ട സമയമായി. രാജ്യത്ത് 'ജൽ സംചയ് അഭിയാൻ' വഴി 50 ലക്ഷത്തോളം കൃത്രിമ ജലക്കൊയ്ത്ത് ഘടകങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞതായി നരേന്ദ്രമോദി പറഞ്ഞു. ജല ദൗർലഭ്യം പരിഹരിക്കാൻ പഴയ കുളങ്ങൾ വൃത്തിയാക്കുകയും മഴവെള്ള സംരക്ഷ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. രാജ്യത്ത് എഴുപതിനായിരത്തിലേറെ അമൃത് സരോവരങ്ങൾ നിർമ്മിച്ചതായി പ്രധാനമന്ത്രി വെളിപ്പെടുത്തി.

(NEWS INSERT)

മത്സ്യത്തൊഴിലാളികളെ സ്വയംപര്യാപ്ത ഭാരതത്തിന്റെ ശക്തമായ അടിത്തറയാക്കി മാറ്റാൻ നിരവധി സഹായങ്ങൾ ഗവൺമെന്റ് നൽകി വരുന്നുണ്ട്. ലക്ഷദ്വീപിലെ മിനിക്കോയ് സ്വദേശി ഹവ്വാ ഗുൽസാറിന്റെ കഥ ഉദാഹരിച്ച പ്രധാനമന്ത്രി മത്സ്യ സംസ്കരണ യൂണിറ്റിനൊപ്പം ശീതികരണ സംഭരണി കൂടി കൂട്ടിച്ചേർത്ത് ബിസിനസ് വിപുലീകരിച്ച അനുഭവം പങ്കുവെച്ചു.

മേൽക്കൂര സൗരോർജ്ജ പദ്ധതിയുടെ സ്വാധീനം നഗരങ്ങളിലും ഗ്രാമങ്ങളിലും പുതിയ തരംഗം സൃഷ്ടിച്ചിരിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. വൈദ്യുതിക്കൊപ്പം ഇത്തരം യൂണിറ്റുകൾ സ്ഥാപിച്ചു നൽകിയും നിരവധി ആളുകൾ മികച്ച സമ്പാദ്യം നേടി വരികയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(NEWS INSERT)

മൻ കി ബാത് റേഡിയോ പരിപാടി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെ വലിയ താൽപര്യം സൃഷ്ടിച്ചിരിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ചുറ്റുപാടുകളിലെ പ്രചോദനകരമായ കഥകൾ പങ്കുവെക്കുന്നത് ഒട്ടേറെ ആളുകൾക്ക് പ്രേരണയായി മാറുന്നു. ഇത് റേഡിയോയുടെ യഥാർത്ഥ ശക്തി വെളിപ്പെടുത്തുന്നതും വിവിധ കോണുകളിൽ കഴിയുന്ന ആളുകളെ ഒരേ വികാരത്തോടെ ഒരേ ചിന്തയോടെ ഒരേ ലക്ഷ്യത്തോടെ മുന്നോട്ട് പോകാൻ പ്രേരിപ്പിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

കേരളത്തിലെ NDA സ്ഥാനാർത്ഥികളുടെ പ്രചാരണത്തിന് ഉച്ചകഴിഞ്ഞ് രണ്ടുമണിയോടെ പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്രമോദി പാലക്കാട്ടെത്തും. ഹെലികോപ്റ്ററിൽ മേഴ്സി കോളേജ് ഗ്രൗണ്ടിൽ ഇറങ്ങുന്ന പ്രധാനമന്ത്രി റോഡ് മാർഗ്ഗം കോട്ടമൈതാനത്തെ സമ്മേളന വേദിയിലേക്ക് നീങ്ങും. വഴിയിൽ മിഷൻ സ്കൂൾ ജങ്ഷൻ മുതൽ SBI ജങ്ഷൻ വരെ പ്രധാനമന്ത്രി പാർട്ടി പ്രവർത്തകരെയും ജനങ്ങളെയും അഭിവാദ്യം ചെയ്യും. കോട്ട മൈതാനത്തെ പരിപാടിയിൽ പാലക്കാട് ജില്ലയിലെ NDA സ്ഥാനാർത്ഥികളും മുന്നണി നേതാക്കളും പങ്കെടുക്കും.

പാലക്കാട്ട് നിന്ന് ഹെലികോപ്റ്ററിൽ നാലുമണിയോടെ തൃശൂരിലെ കുട്ടനല്ലൂർ ഗവൺമെന്റ് കോളേജ് ഗ്രൗണ്ടിൽ പ്രധാനമന്ത്രി എത്തും. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപിയുടെ നേതൃത്വത്തിൽ ഹെലിപാടിൽ അദ്ദേഹത്തെ വരവേൽക്കും.

പിന്നീട് വാഹന വ്യൂഹത്തിന്റെ അകമ്പടിയോടെ റോഡ് ഷോ ആരംഭിക്കുന്ന തൃശ്ശൂർ ജില്ല ആശുപത്രിക്ക് മുൻവശം പ്രധാനമന്ത്രി എത്തും. നഗരം ചുറ്റി ബിനി ഹെറിറ്റേജിന് മുൻവശം റോഡ് ഷോ സമാപിക്കും. തൃശൂർ ജില്ലയിലെ NDA സ്ഥാനാർത്ഥികളും റോഡ് ഷോയിൽ പങ്കാളികളാകും.

✪✪✪

കേരളത്തിന്റെ പൊതുവായ മനോഭാവം NDA-യ്ക്ക് അനുകൂലമാണെന്ന് മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു. കേരളത്തിലെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉച്ചകഴിഞ്ഞ് എത്തുന്നതിന് മുന്നോടിയായി എഴുതിയ മലയാള സമൂഹ മാധ്യമ കുറിപ്പിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

✪✪✪

എല്ലാകാലത്തും വർഗീയതയുമായി വിട്ടുവീഴ്ച ഇല്ലാത്ത സമീപനം സ്വീകരിച്ചത് LDF മാത്രമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.  തിരൂരിൽ LDF തിരഞ്ഞെടുപ്പ് പ്രചാരണത്തിന് എത്തിയതായിരുന്നു മുഖ്യമന്ത്രി.

മുഖ്യമന്ത്രി ഇന്ന് മലപ്പുറം ജില്ലയിലെ വിവിധ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും

✪✪✪

സ്ഥാനാർഥികൾ സമൂഹ മാധ്യമം വഴിനടത്തുന്ന തിരഞ്ഞെടുപ്പ് പ്രചാരണത്തിന് മീഡിയ സർട്ടിഫിക്കേഷൻ നിർബന്ധമാണെന്ന് അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ PB നൂഹ് പറഞ്ഞു. സർട്ടിഫിക്കേഷൻ ഇല്ലാതെ സമൂഹ മാധ്യമ അക്കൗണ്ടിലൂടെ വോട്ടർമാരെ സ്വാധീനിക്കുന്ന ഉള്ളടക്കങ്ങൾ പ്രസിദ്ധപ്പെടുത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് പത്തനംതിട്ട സെക്രട്ടറിയേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ഉദ്യോഗസ്ഥരുടെ തിരഞ്ഞെടുപ്പ് അവലോകന യോഗത്തിൽ അദ്ദേഹം പറഞ്ഞു.

✪✪✪

വിശുദ്ധ വാരാചരണത്തിന് തുടക്കമിട്ട് ലോകമെങ്ങും ക്രൈസ്തവർ ഓശാന ഞായർ ആചരിച്ചു. സംസ്ഥാനത്തെ വിവിധ പള്ളികളിൽ രാവിലെ ഓശാനയുടെ പ്രത്യേക പ്രഭാത നമസ്കാരം, കുരുത്തോല വാഴ്‌വ്, വിശുദ്ധ കുർബാന ശുശ്രൂഷകൾ നടന്നു. യേശുക്രിസ്തുവിന്റെ ജറുസലേം പ്രവേശന സ്മരണയിൽ വിശ്വാസികൾ കുരുത്തോലയുമായി പ്രദക്ഷിണം നടത്തി.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, കൊൽക്കത്തെ നൈറ്റ്റൈഡേഴ്സിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

*News Editor വി കെ സുരേഷ്*
*& News Reader:  സയ്യിദ് അലി ശിഹാബ്*
*News Team: അനിൽ ചന്ദ്രൻ അബ്ദുൽ കബീർ,*
*DEO : സി കെ സുബോധ്*